**ക്രമപ്രശ്നം**

<u>സമിതി റിപ്പോർട്ടുകൾ സഭയിൽ ചർച്ചചെയ്യുന്നത് സംബന്ധിച്ച്</u>

<u>ഡോ. എം. കെ. മുനീർ</u>: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 205 (ബി) സംബന്ധിച്ചുള്ള ഒരു വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽ ക്രമപ്രശ്നമായി ഉന്നയിക്കുന്നത്.

" 205 (ബി) <u>റിപ്പോർട്ടിലെ വിഷയത്തിന്മേലുള്ള ചർച്ച</u>. -

(1) സ്പീക്കർക്ക് ഒരു കമ്മിറ്റിയുടെ റിപ്പോർട്ടിലെ വിഷയമായിരുന്ന വേണ്ടത്ര പൊതുപ്രാധാന്യമുള്ള ഒരു സംഗതിയിന്മേൽ ചർച്ച നടത്തുന്നതിന് ആഴ്ചയിൽ ഒരു ദിവസത്തിൽ ഒരു മണിക്കൂർ നീക്കിവയ്ക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഒരു സംഗതിയിന്മേൽ ചർച്ച വേണമെന്നാഗ്രഹിക്കുന്ന ഒരു അംഗം, ആ സംഗതി ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന ദിവസത്തിന് മൂന്ന് പൂർണ്ണ ദിവസങ്ങൾക്ക് മുൻപായി സെക്രട്ടറിക്ക് രേഖാമൂലമായ നോട്ടീസ് നൽകേണ്ടതാണ്.

(3) സ്പീക്കർ ആ സംഗതി ചർച്ചയ്ക്ക് വയ്ക്കുവാൻ വേണ്ടത്ര പൊതുപ്രാധാന്യമുള്ളതാണോ എന്ന് തീരുമാനിക്കേണ്ടതാണ്."

നിയമസഭയുടെ മുന്നിൽ ധാരാളം കമ്മിറ്റി റിപ്പോർട്ടുകൾ വന്നുപോകുകയാണ്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ടുകൾ, സർക്കാർ അതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഇവിടെ വിശദമായി വിശദീകരിക്കേണ്ടതുണ്ട്. അല്ലെങ്കിൽ പൊതുപ്രാധാന്യമുള്ള വിഷയങ്ങൾ ബഹുമാനപ്പെട്ട സ്പീക്കർക്ക് അനുമതി നൽകി ഒരു മണിക്കൂർ ചർച്ച ചെയ്യാവുന്നതാണ്. ഉദാഹരണമായി സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി 2021 ജനുവരി 18-ാം തീയതി പത്തൊമ്പതാമത് റിപ്പോർട്ടും 20-ാം തീയതി ഇരുപതാമത് റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു. അത് വായിച്ച് നോക്കിയപ്പോൾ വളരെ പ്രാധാന്യമുള്ള ഒരു വിഷയമായിതോന്നി. പ്രത്യേകിച്ച് ട്രാൻസ്ജെന്റർ വിഭാഗത്തെ സംബന്ധിച്ച്. വിഷയങ്ങളുടെ ആഴത്തിലുള്ള പഠനമാണ് അതിലുള്ളത്. നിയമസഭാ കമ്മിറ്റികൾ നിയമസഭയുടെ പ്രതിരൂപമാണ്. ധാരാളം യാത്രകൾ ചെയ്തും പലരെയും തെളിവെടുപ്പിനായി വിളിപ്പിച്ചും സ്ഥല സന്ദർശനം നടത്തിയും വളരെയധികം ബുദ്ധിമുട്ടി തയ്യാറാക്കുന്ന ഒരു റിപ്പോർട്ട് വെറുതെ ഇവിടെ വച്ച്, യാതൊരു ചർച്ചയുമില്ലാതെ ആരും കാണാത്ത ഒരു കടലാസ്സായി മാറുന്നത്

അതിദയനീയമാണ്. പതിമൂന്നാം കേരള നിയമസഭയിലും പതിനാലാം കേരള നിയമസഭയിലുമായി രണ്ട് കമ്മിറ്റി റിപ്പോർട്ടുകൾ മാത്രമാണ് 10 വർഷംകൊണ്ട് ഇവിടെ ചർച്ച ചെയ്തിട്ടുള്ളത്. ഒന്ന്, ശ്രീ. റ്റി. എൻ. പ്രതാപനും മറ്റൊന്ന് ശ്രീ. കെ. സി. ജോസഫ് അവർകളും......., എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടേയും മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ സംബന്ധിച്ച കമ്മിറ്റിയുടേയും വിഷയം സംബന്ധിച്ച ചർച്ചയാണ് നടന്നത്. പരിസ്ഥിതി സംബന്ധിച്ച് നല്ലൊരു റിപ്പോർട്ട് നമ്മുടെ കയ്യിലുണ്ട്. മുതിർന്ന പൗരന്മാരെ സംബന്ധിക്കുന്ന കമ്മിറ്റി റിപ്പോർട്ടുണ്ട്. ബഹുമാന്യനായ അങ്ങ് ഈ കീഴ്വഴക്കം തുടങ്ങുമോയെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങയുടെ കാലഘട്ടത്തിൽ കുറച്ച് നല്ല റിപ്പോർട്ടുകൾ ഇവിടെ ചർച്ച ചെയ്യപ്പെടട്ടെ. അങ്ങയുടെ പദവിയുടെ അധികാരം ഉപയോഗിച്ചുകൊണ്ട് അനുകൂലമായ റൂളിംഗ് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ശ്രീമതി യു. പ്രതിഭ: സർ, ബഹുമാനപ്പെട്ട അംഗം ഡോ. എം.കെ. മുനീർ പറഞ്ഞ വിഷയത്തിനോട് കൂട്ടിച്ചേർത്താണ് പറയാനുള്ളത്. വളരെ ഫലപ്രദമായി ഇടപെടുന്ന ഒട്ടേറെ നിയമസഭാ സമിതികളുണ്ട്. റിപ്പോർട്ടുകൾ തയ്യാറാക്കാൻവേണ്ടി ഉദ്യോഗസ്ഥർ എടുക്കുന്ന പ്രയത്നം വളരെ വലുതാണ്.

അദ്ദേഹം ട്രാൻസ്ജെന്റേഴ്സിന്റെ സമിതിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഞാൻ പ്രസ്തുത കമ്മിറ്റിയിലെ അംഗമായിരുന്നു. ഇപ്പോൾ ചെയർപേഴ്സനായി പ്രവർത്തിക്കുന്നുണ്ട്. ട്രാൻസ്ജെന്റേഴ്സിന്റെ പ്രശ്നങ്ങൾ കേട്ടതിനുശേഷം, സമിതി നടത്തിയിട്ടുള്ള നിരന്തരമായ തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ വളരെ വിശദമായ റിപ്പോർട്ടാണ് സഭയുടെ മുന്നിൽ സമർപ്പിക്കപ്പെടുന്നത്. ബഹുമാനപ്പെട്ട സഭാംഗം ഉന്നയിച്ച വിഷയത്തെ എല്ലാ അർത്ഥത്തിലും പിന്തുണയ്ക്കുകയാണ്. സൂചിപ്പിച്ച വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട്, ആഴ്ചയിൽ ഒരു മണിക്കൂർ ചർച്ച ചെയ്യുന്നതിനു വേണ്ടിയുള്ള അവസരം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>) : സർ, ബഹുമാനപ്പെട്ട അംഗങ്ങളായ ഡോ. എം.കെ. മുനീർ, ശ്രീമതി യു. പ്രതിഭ എന്നിവർ ചൂണ്ടിക്കാണിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. നിയമസഭാ ചട്ടത്തിലെ 205 (ബി) പ്രകാരം നിയമസഭാ സമിതികൾ തയ്യാറാക്കുന്ന റിപ്പോർട്ടുകളിൽ ഏറ്റവും പ്രധാനപ്പെട്ട റിപ്പോർട്ടുകളെങ്കിലും സഭയിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്നാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. വളരെ പ്രധാനപ്പെട്ട കാര്യമാണിത്. ഓരോ

നിയമസഭാ സമിതിയും ഒരുപാട് സമയമെടുത്തും ചർച്ചചെയ്തും പഠനം നടത്തിയുമാണ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നത്. അത്തരം റിപ്പോർട്ടുകൾ നിയമസഭയിൽ ചർച്ച ചെയ്യപ്പെടുന്നില്ല. പ്രധാനപ്പെട്ട കാര്യങ്ങൾപോലും ചർച്ച ചെയ്യപ്പെടുന്നില്ലെന്നുള്ളത് ഒട്ടേറെ കാലങ്ങളായിട്ടുള്ള പരാതിയാണ്. തീർച്ചയായിട്ടും അതിന് പരിഹാരമുണ്ടാക്കാൻ കഴിയേണ്ടതാണ്. ചട്ടം 205 (ബി) പ്രകാരമുള്ള ചർച്ചയ്ക്ക് പലപ്പോഴും സമയപരിമിതിയാണ്........ പതിനഞ്ചാം കേരള നിയമസഭയുടെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന രണ്ടാം സമ്മേളനം ആഗസ്റ്റ് മാസം പതിനെട്ടുവരെ കൂടാൻ തീരുമാനിച്ചിരുന്നതാണ്. എന്നാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ സമയം വെട്ടിച്ചുരുക്കേണ്ടി വന്നു. അങ്ങനെയാണ് പല സന്ദർഭങ്ങളിലും സംഭവിക്കുന്നത്. അങ്ങനെ വരുമ്പോൾ ഇവിടെ പരാമർശിക്കപ്പെട്ട, ഒരു മണിക്കൂർ ചർച്ച എന്നത് നടത്താൻ കഴിയാതെ വരികയാണ്. ചർച്ച നടത്തുന്നതുമൂലം നിയമസഭയ്ക്കും നിശ്ചിത വകുപ്പുകൾക്കും പ്രസക്തിയുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിയമസഭാ സമിതികൾ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യണമെന്നതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. മുഴുവൻ റിപ്പോർട്ടുകളും ചർച്ച ചെയ്യാൻ കഴിയുമോയെന്ന കാര്യം

സംശയമാണ്. ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ചകൾ നടത്തുന്നതിന് സർക്കാർ അനുകൂല നിലപാടാണ് സ്വീകരിക്കുന്നത്. തയ്യാറാക്കുന്ന റിപ്പോർട്ടുകളൊന്നും വെളിച്ചം കാണുന്നില്ലെന്ന ധാരണ പൂർണ്ണമായും ശരിയല്ലെന്നാണ് പറയാനുള്ളത്. വിവിധ റിപ്പോർട്ടുകൾ ഓരോ വകുപ്പും പരിശോധിക്കുന്നുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉയർന്നുവരുന്ന കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഓരോ വകുപ്പും ശ്രമിക്കുന്നുമുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ നിയമസഭയിൽ ചർച്ച ചെയ്യുകയാണെങ്കിൽ കൂടുതൽ ഗുണകരമായി മാറുമെന്നുതന്നെയാണ് സർക്കാരിന്റെ അഭിപ്രായം.